**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5372** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതിയുടെ നേട്ടങ്ങൾ ഉൾപ്പടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | Automatic Number Plate Recognition (ANPR), Artificial Intelligence (AI) തുടങ്ങിയ നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന 726-ഓളം ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ച്, വിവിധ ഗതാഗത കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുമായി, സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ നിലവിലുള്ള രണ്ട് കൺട്രോൾ റൂമുകൾ ഉൾപ്പെടെ 14 ജില്ലകളിലും കൺട്രോൾ റൂമുകൾ നിലവിൽ വരുന്നതാണ്. മേൽപ്പറഞ്ഞ ക്യാമറകളിൽ നിന്നുള്ള നിയമ ലംഘനങ്ങൾ സംബന്ധിച്ച വിവരം തിരുവനന്തപുരം ആസ്ഥാനമായ കേന്ദ്ര കൺട്രോൾ റൂമിലെത്തുകയും അവ പരിശോധിച്ച് അതതു ജില്ലകളിലെ കൺട്രോൾ റൂമുകളിലേയ്ക്ക് അയയ്ക്കുകയും അവിടെ നിന്നും കുറ്റക്കാർക്കെതിരെ നിയമ നടപടി കൈക്കൊള്ളുകയും ചെയ്യാവുന്നതാണ്.<br><br>സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതിയിൽ, ബോഡി വോൺ ക്യാമറ, ഡിജിറ്റൽ ലക്സ് മീറ്റർ, ഡെസിബെൽ മീറ്റർ, ഡാഷ് ബോർഡ് ക്യാമറ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സോഫ്റ്റ്-വെയറായ 'ഇ-ചെലാൻ' ഉപയോഗിക്കുക വഴി, ചെലാനുകൾ തയ്യാറാക്കുന്ന നടപടി കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സാധ്യമാകുമെന്നതിനാൽ പൊതുജനങ്ങൾക്ക് വാഹന പരിശോധനമൂലം ഉണ്ടാകുന്ന സമയ നഷ്ടം കുറയ്ക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ, ഉദ്യോഗസ്ഥർക്ക് വാഹന/ ലൈസൻസ് സംബന്ധമായ വിവരം വാഹൻ |

| | | | |
|---|---|---|---|
| | | | സോഫ്റ്റ്-വെയറുകളിൽ നിന്നു തന്നെ ലഭ്യമാകുന്നുമുണ്ട്.<br><br>വാഹനം തടഞ്ഞു നിർത്തിയുള്ള പരിശോധന പരമാവധി ഒഴിവാക്കി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുതാര്യമായ രീതിയിലും കാര്യക്ഷമമായ രീതിയിലും നടത്തുന്നതിന് ഇതുവഴി സാധിക്കുന്നതാണ്. ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങളുടെ ലഭ്യത, തർക്കങ്ങൾ ഒഴിവാക്കുന്നതിനും വ്യവഹാരങ്ങളിൽ തെളിവായി ഹാജരാക്കുന്നതിനും സഹായകമാകും. സംസ്ഥാനത്തുടനീളം സംഭവിക്കുന്ന ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ വേഗത്തിൽ കൈക്കൊള്ളുന്നതിനും, ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ സാധ്യമാകുന്നതോടെ, ഗതാഗത നിയമ ലംഘനങ്ങളും അപകടങ്ങളും അതുമൂലമുള്ള അപകട മരണങ്ങളും കുറയ്ക്കുന്നതിനും ഇതുമൂലം സാധ്യമാകുന്നതാണ്. ഇത് സർക്കാരിന്റെ 'Ease of Doing Business' നടപടികളുടെ ഭാഗമായിട്ടുകൂടിയുള്ളതാണ്. |

സെക്ഷൻ ഓഫീസർ